LIBRARY ARCHIVES Kerala Legislative Assembly

സ്വർണ്ണ വില്പനയിൽ നിന്ന് ലഭിച്ച നികുതി വരുമാനം

138 (5843) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06 മുതൽ 2009-10 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്ത് സ്വർണ്ണ വിൽപ്പനയിൽ നിന്ന് ലഭിച്ച നികുതി വരുമാനം, ഓരോ വർഷത്തെയും നികുതി നിരക്ക്, ശരാശരി വില എന്നിവ വെളിപ്പെടുത്തുമോ ;

(ബി) ഓരോ വർഷത്തെയും ജില്ലതിരിച്ചുള്ള നികുതി വരുമാന വിവരം നൽകാമോ ;

(സി) സർക്കാർ കണക്കനുസരിച്ച് മേൽപ്പറഞ്ഞ ഓരോ വർഷത്തെയും സംസ്ഥാന ശരാശരി സ്വർണ്ണ ഉപഭോഗം എത്രയെന്നും, ഓരോ വർഷവും വിറ്റഴിച്ച സ്വർണ്ണത്തിന്റെ അളവും, അതിന്റെ കണക്കാക്കപ്പെട്ട വില്പന വിലയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2005-06 മുതൽ 2009-10 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്ത് സ്വർണ്ണ വിൽപ്പനയിൽ നിന്ന് ലഭിച്ച നികുതി വരുമാനവും നികുതി നിരക്കും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.* ശരാശരി വിലയെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഓരോ വർഷത്തെയും ജില്ല തിരിച്ചുള്ള നികുതി വരുമാന വിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ട്രഷറി നിക്ഷേപങ്ങൾ

139 (5844) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സർക്കാർ നടപടികളുടെ പുരോഗതിയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ട്രഷറി നിക്ഷേപങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൗരാവകാശ രേഖയും, സോഷ്യൽ ഓഡിറ്റും, ടെല്ലർ സംവിധാനവും നിലവിൽ വന്നതോടെ ട്രഷറി നിക്ഷേപങ്ങൾ മെച്ചപ്പെട്ട നിലയിലായിട്ടുണ്ട്. എം.എൽ.എ.-മാർ ക്യാൻവാസ് ചെയ്യുന്ന മൂന്ന് വർഷവും അതിന് മുകളിലുമുള്ള ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് അതിന്റെ ഒന്നര ഇരട്ടി തുകയ്ക്കുള്ള വികസന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവർത്തനങ്ങൾ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ താത്പര്യ പ്രകാരമുള്ള പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ട്രഷറി നിക്ഷേപങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് താഴെപ്പറയുന്ന പ്രകാരമാണെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2006-2007	4222,22,07,820 രൂപ
2007-2008	4743,32,05,850 രൂപ
2008-2009	4919,85,09,459 രൂപ
2009-2010	5941,26,50,737 രൂപ

പുതിയ സബ് ട്രഷറികൾ

140 (5845) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ സബ്ട്രഷറികൾ തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള വൺമാൻ ട്രഷറികൾ സബ്ട്രഷറികളാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിനുള്ള നടപടിക്രമം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ സബ് ട്രഷറികൾ തുടങ്ങുവാനുള്ള പ്രൊപ്പോസലുകളൊന്നും ഇപ്പോൾ നിലവിലില്ല.

(ബി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ഇല്ല.

(ഡി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

കുന്നംകുളം സബ് ട്രഷറി മുഖേന ലഭിച്ച ട്രഷറി നിക്ഷേപം

141 (5846) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം സബ്ട്രഷറി മുഖേന 2009-10 വർഷത്തിൽ സ്വീകരിച്ച സ്ഥിരനിക്ഷേപം എത്ര രൂപയാണ് ;

LIBRARY ARCHIVES Kerala Legislative Assembly